## പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 150 | 07.08.2017-ൽ മറുപടിക്ക് |

### വടക്കാഞ്ചേരി മുൻസിപ്പൽ കൗൺസിലർ ജയന്തനെതിരെയുള്ള പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) വടക്കാഞ്ചേരി മുൻസിപ്പൽ കൗൺസിലർ ജയന്തനെതിരെ ലൈംഗിക പീഡനം ആരോപിച്ച് കൊണ്ട് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്; | (എ) വടക്കാഞ്ചേരി മുനിസിപ്പൽ കൗൺസിലർ ജയന്തനെതിരെ ലൈംഗിക പീഡനം ആരോപിച്ചുകൊണ്ട് ആഭ്യന്തര മന്ത്രാലയം മുഖേന ഈ വിഷയം സംബന്ധിച്ച മാധ്യമ റിപ്പോർട്ട് 09.12.2016നും, നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി സ്വമേധയാ സ്വീകരിച്ച പരാതി 14.11.2016നും ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ കേസ്സിൽ ജയന്തനെതിരെ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ; | (ബി) ടി കേസ്സിൽ ജയന്തനെതിരെ തൃശ്ശൂർ സിറ്റി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1651/16 u/s. 376(D), 506(i) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ പ്രസ്തുത കേസ്സ് അന്വേഷണാവസ്ഥയിലുമാണ്. |
| (സി) ഈ കേസ്സുമായി ബന്ധപ്പെട്ട് ജയന്തനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) അറസ്റ്റ് ചെയ്തിട്ടില്ല. ഈ കേസ്സിലേയ്ക്ക് 78 സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയതിലും, വൈദ്യപരിശോധന റിപ്പോർട്ടുകൾ പരിശോധിച്ചതിലും, ഈ കേസ്സിലെ ആവലാതിക്കാരിയെ 3 തവണ കണ്ടു ചോദിച്ച് മൊഴി രേഖപ്പെടുത്തിയതിലും പ്രതികൾ കുറ്റം ചെയ്തുവെന്ന് തെളിയിക്കുന്നതിന് തക്കതായ യാതൊരു തെളിവുകളും നാളിതുവരെയുള്ള അന്വേഷണത്തിൽ ലഭ്യമായിട്ടില്ല. |

Deepa

സെക്ഷൻ ഓഫീസർ